**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 228** **08-08-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സേവന ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സയും അനുബന്ധ സേവനങ്ങളും മെഡിക്കൽ വിദ്യാഭ്യാസവും കൂടുതൽ ഗുണനിലവാരമുള്ളതാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുകയും ആദ്യ ഘട്ടമായി ഒരു പൈലറ്റ് പ്രൊജെക്റ്റ് എന്ന നിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി സർക്കാർ തലത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒരു മേൽ നോട്ട സമിതി രൂപീകരിക്കുകയും തിരുവന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് മേൽനോട്ട സമിതി സർക്കാർ തലത്തിലും മറ്റ് തലങ്ങളിലും നിരവധി തവണ യോഗം ചേരുകയും ചെയ്തിട്ടുണ്ട് .<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി നടപ്പാക്കിയതിനെ ത്തുടർന്ന് താഴെപ്പറയുന്ന മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്<br><br>1. കാഷ്വാലിറ്റി പുതിയ കെട്ടിടത്തിലേയ്ക്ക് ഷിഫ്റ്റ് ചെയ്തു ട്രയാജ് സംവിധാനം ഏർപ്പെടുത്തി.<br><br>2. രോഗികൾക്ക് സേവനം നൽകുന്നതുമായി ബന്ധപ്പെട്ട് 'Gap Analyst നടത്തി കണ്ടെത്തിയഅപാകതകൾ പരിഹരിച്ചു .<br><br>3. കാഷ്വാലിറ്റിയിൽ അസി. പ്രൊഫസർമാരുടെ സേവനം ഉറപ്പുവരുത്തി.<br><br>4. കാഷ്വാലിറ്റിയിൽ ECG, portable X-ray, Chest pain unit, Stroke Unit എന്നിവ ആരംഭിച്ചു. |

5. മെഡിക്കൽ കോളേജിൽ കൂടുതൽ PRO മാരെ നിയമിക്കുകയും കൺട്രോൾ റൂം ആരംഭിക്കുകയും ചെയ്തു.

6. സെക്യൂരിറ്റി സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി.

7. ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ പ്രകാരം കർശനമായി നടപ്പാക്കി തുടങ്ങി.

8. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി മുഖേന കൂടുതൽ ജീവനക്കാരുടെ സേവനം ഉറപ്പ വരുത്തി.

9. ഇ-ഹെൽത്ത്, ലാബുകളുടെ പ്രവർത്തനം, Patients Directions തുടങ്ങിയവ രോഗീ സൗഹൃദമാക്കി.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പൈലറ്റ് പ്രോജെക്ട് എന്ന നിലയിൽ നടപ്പാലാക്കിയ ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി ആയി ആലപ്പുഴ, കോട്ടയം, എറണാകുളം തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കൂടി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. ഇതിന്റെ ഭാഗമായി മായി ബന്ധപ്പെട്ട് രൂപീകരിച്ച സംസ്ഥാനതലത്തിലുള്ള കമ്മിറ്റി പുതുതായി ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാരെയും സൂപ്രണ്ടുമാരെയും ഉൾപ്പെടുത്തി വിപുലീകരിക്കുക ഉണ്ടായി.

ടി പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ആറു മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം തൃശ്ശൂർ, കോഴിക്കോട്) നോഡൽ ഓഫീസർമാരെ അതാത് പ്രിൻസിപ്പൽ തലത്തിൽ നിയമിച്ചിട്ടുണ്ട് .കൂടാതെ ഇന്സ്റ്റിട്യൂഷൻ ലെവൽ ഇമ്പ്ലിമെന്റഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനു മറ്റ് മെഡിക്കൽ കോളേജുകളിൽ നിന്നുള്ള രണ്ടു ഫാക്കൽറ്റികളെ ഉൾപ്പെടുത്തി 2.6.2023ലെ മെ.വി.വ /116/2022/പി 6 നമ്പർ നടപടിക്രമം പ്രകാരം ഉത്തരവായിട്ടുണ്ട്.

ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി സംബന്ധിച്ച് സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകൾക്കുമായി ഒരു പൊതുവായ **guidelines** തയ്യാറാക്കുന്നതിനും അതോടൊപ്പം ഈ പദ്ധതി നടപ്പാക്കുന്നതിന് ഓരോ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മുൻഗണനാ ക്രമം നിശ്ചയിച്ചുകൊണ്ട് ഒരു മാർഗ്ഗരേഖയും **(institution Specific Road Map)**

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിന് ഇമ്പ്ലെമെന്റ്ഷൻ ടീമിനെ ചുമതലപ്പെടുത്തുകകയും ചെയ്തിട്ടുണ്ട്. ഈ പ്രവത്തനങ്ങൾ സുസ്ഥിര ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുന്നതാണ് |
| (ബി) | മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗം കൂടുതൽ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.<br><br><u>ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u><br><br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ട്രോമ, കാർഡിയാക്, സ്ട്രോക്ക് അസുഖ ബാധിതർക്ക് മെച്ചപ്പെട്ട ചികിത്സ അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Green Zone, Yellow Zone, Red Zoneഎന്നിങ്ങനെ മൂന്ന് സോണുകളായി തിരിച്ച് അടിയന്തിര ചികിത്സ ആവശ്യമായ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അടിയന്തിര ചികിത്സ ആവശ്യമായ മറ്റു രോഗികൾക്കും ഗുണ നിലവാരമുള്ള ചികിത്സ ലഭ്യമാക്കുന്നതിനായി എമർജൻസി മെഡിസിൻ ഡിപ്പാർട്ട് ആരംഭിക്കുകയും, മികച്ച ചികിത്സ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.<br><br><u>ഗവ. മെഡിക്കൽ കോളേജ്, കൊല്ലം</u><br><br>കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അത്യാഹിത വിഭാഗം മെച്ചപ്പെടുത്തുന്നതിനായി പുതുതായി ഒരു ട്രോമാകെയർ ബ്ലോക്ക് പണിയുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br><u>ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ</u><br><br>ആലപ്പുഴ മെഡിക്കൽ കോളേജിന്റെ അത്യാഹിത വിഭാഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അത്യാധുനിക സൌകര്യങ്ങളോട് കൂട്ടിയ ട്രോമാകെയറിന്റ് നിർമ്മാണം പൂർത്തിയായി വരുന്നു..<br><br><u>ഗവ. മെഡിക്കൽ കോളേജ്, കോട്ടയം</u> |

അത്യാഹിത വിഭാഗത്തിലെ ആവശ്യകത കണക്കിലെടുത്ത് **50** കിടക്കകളോട് കൂടിയ ക്രിട്ടിക്കൽ കെയർ വിഭാഗം തുടങ്ങുവാൻ **2023-2024** കാലയളവിൽ **23.75** കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അത്യാഹിതവിഭാഗം മെച്ചപ്പെടുത്തുന്നതിനായി ഡോക്ടർമാർക്കും, ജീവനക്കാർക്കും പരിശീലനം നൽകി വരുന്നുണ്ട്. ട്രോമകെയർ വിഭാഗം ശക്തിപ്പെടുത്തുന്നതിന് **"Strengthening Trauma Care facilities in Medical Colleges"** പദ്ധതി പ്രകാരം **23-24** സാമ്പത്തിക വർഷത്തിൽ **25** ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ഗവ. മെഡിക്കൽ കോളേജ്, കോന്നി</u>

കോന്നി മെഡിക്കൽ കോളേജ് പുതിയ സ്ഥാപനമായതിനാൽ അത്യാഹിത വിഭാഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

<u>ഗവ. മെഡിക്കൽ കോളേജ്, ഇടുക്കി</u>

ഉണ്ട്. ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. മെഡിക്കൽ കോളേജ് ആയി മാറ്റിയ ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ പഴയ ബ്ലോക്കിൽ നിന്നും അത്യാഹിത വിഭാഗം പുതിയ ആശുപത്രി ബ്ലോക്ക് **1** ന്റെ നിർമ്മാണം പൂർത്തീകരിച്ച് കൂടുതൽ സൗകര്യപ്രദമായി മാറ്റി സ്ഥാപിച്ചു. ടി കെട്ടിടത്തിൽ തന്നെ ലാബുകൾ, ഒ.പി, ഐ.പി എന്നിവ പ്രവർത്തിച്ചു വരുന്നു.

<u>ഗവ. മെഡിക്കൽ കോളേജ്, എറണാകുളം</u>

എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ **24x7** അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ ഡോക്ടർമാരുടെ സേവനവും കൂടുതൽ എണ്ണം മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ സേവനങ്ങളും ലഭ്യമാക്കി. ആശുപത്രി അത്യാഹിത വിഭാഗം **50** ലക്ഷം രൂപ ചെലവിൽ നവീകരിച്ചു. അത്യാഹിത വിഭാഗം ഫാർമസി വിപുലീകരിച്ചു.

<u>ഗവ. മെഡിക്കൽ കോളേജ്, തൃശൂർ</u>

തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി നിലവിലുണ്ട് . അസിസ്റ്റൻറ് പ്രൊഫസറിൽ കുറയാത്ത തസ്തികയിലുള്ള ഡോക്ടർമാരുടെ സേവനം എല്ലായ്പ്പോഴും ലഭ്യമാക്കുന്നുണ്ട്. ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി

ഈ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നവീകരിച്ച കാഷ്വാലിറ്റിയുടെ ഒന്നാം ഘട്ടം നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി തുറന്നുനൽകിയിട്ടുണ്ട്. പീഡിയാട്രിക്, സർജറി തുടങ്ങി വിവിധ വിഭാഗങ്ങൾക്കുള്ള ഐ.സി.യുവിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടപടികൾ സ്വീകരിച്ചുവരുന്നു. ട്രയാജ് സംവിധാനം നടപ്പിലാക്കുന്നതിനും, കാഷ്വാലിറ്റിയുടെ സ്ഥലപരിമിതിക്ക് പരിഹാരം കാണുന്നതിനും കിടക്കകളുടെ എണ്ണത്തിനാനുപാതികമായി ജീവനക്കാരെയും സെക്യൂരിറ്റി സ്ററാഫിനേയും നിയമിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്

കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയുടെ അത്യാഹിത വിഭാഗം കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട് . കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ മുഴുവൻ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റികൾക്കും എമർജൻസി ഡിപ്പാർട്ടുമെന്റിനുമായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള P M S S Y ബ്ലോക്ക് കെട്ടിടത്തിൽ താഴെ പറയുന്ന സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

1. കൂടുതൽ റെഡ് ഏരിയ ബെഡുകൾ

2. കൂടുതൽ യെല്ലോ ഏരിയ ബെഡുകൾ

3.പോയിൻറ് ഓഫ് കെയർ ലബോറട്ടറി സംവിധാനം

4.റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന്റെ വിവിധ സേവനങ്ങൾ എക്സ് റേ, സി റ്റി , എം.ആർ ഐ തുടങ്ങിയവ

5. രോഗി ബൈസ്റ്റാൻഡേഴ്സ് സൗഹൃദ സംവിധാനങ്ങൾ.

6. ലോകോത്തര നിലവാരം പുലർത്തുന്ന ഓപ്പറേഷൻ തിയേറ്ററുകൾ

7. ശസ്ത്രക്രിയയ്ക്ക് മുൻപും ശസ്ത്രക്രിയയ്ക്ക് ശേഷവും പ്രവർത്തിച്ചിരുന്ന ഉന്നതനിലവാരം പുലർത്തുന്ന ഐ.സിയുകൾ

8. എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റിനുകീഴിൽ ട്രയാജ് സംവിധാനത്തിന്റെ ശാക്തീകരണം.

| | | | |
|---|---|---|---|
| | | | <u>ഗവ. മെഡിക്കൽ കോളേജ്, വയനാട്</u><br><br>മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പ്രാരംഭ ദിശയിലായതിനാൽഅത്യാഹിത വിഭാഗം കൂടുതൽ മെച്ചപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br><u>ഗവ. മെഡിക്കൽ കോളേജ്, കണ്ണൂർ</u><br><br>**24** മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗത്തിൽ**,** പ്രത്യേക എമർജൻസി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ മെച്ചപ്പെട്ട രീതിയിൽ രോഗീപരിചരണം നൽകി വരുന്നുണ്ട്. മറ്റു ഡിപ്പാർട്ടുമെന്റുകളിലെ യോഗ്യതയുള്ള ഡോക്ടർമാരുടെ സേവനം എമർജൻസി ഡിപ്പാർട്ടുമെന്റിൽ യഥാസമയം ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ